# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1702

**04-12-2015 ൽ മറുപടിയ്ക്ക്**

## സോയിൽ ഹെൽത്ത് കാർഡ്

**ചോദ്യം**

**ശ്രീ. പി.കെ. ബഷീർ**

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകർക്ക് "സോയിൽ ഹെൽത്ത് കാർഡ്" നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണ് പരിശോധനാശാലകൾ വഴി സൗജന്യമായി മണ്ണ് സാമ്പിൾ പരിശോധിച്ച് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകി വരുന്ന പദ്ധതി നിലവിലുണ്ട്. ഇതിനുപുറമെ 2015-16 ൽ സോയിൽ ഹെൽത്ത് കാർഡ് എന്ന കേന്ദ്രസർക്കാർ പദ്ധതി പ്രകാരം 63800 മണ്ണ് സാമ്പിളുകൾ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ പരിശോധിച്ച് കർഷകർക്ക് നൽകുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ബി) | സംസ്ഥാനപദ്ധതി പ്രകാരം എല്ലാ കൃഷി ഭവനുകളിലൂടെയും കർഷകർക്ക് തികച്ചും സൗജന്യമായി അവരുടെ കൃഷിയിടത്തിലെ മണ്ണ്, ലാബുകളിൽ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ കൃഷി ഭവൻ മുഖേന ലഭ്യമാക്കി വരുന്നുണ്ട്.<br>കൂടാതെ കേന്ദ്രാവിഷ്കൃതപദ്ധതിയായ സോയിൽ ഹെൽത്ത് കാർഡ്, കൃഷി വകുപ്പും, മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പും ചേർന്ന് നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിന്റെ ലക്ഷ്യമായ **20,000** മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും |

| | | | |
|---|---|---|---|
| | | | ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർ/ആത്മ പ്രോജക്ട് ഡയറക്ടർമാർ എന്നിവർക്ക് നല്കിയിട്ടുണ്ട്. ശേഖരിയ്ക്കുന്ന മണ്ണ് സാമ്പിളുകൾ കൃഷി വകുപ്പിന്റെ മണ്ണ് പരിശോധന ലാബുകൾ , കാർഷിക സർവ്വകലാശാല/കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ CTCRI/CPCRI എന്നിവ വഴി പരിശോധിക്കുന്നതിനും മണ്ണു പരിപോഷണ കാർഡുകൾ കർഷകർക്ക് നല്കുന്നതിനുമുള്ള സജ്ജീകരണങ്ങളും നടത്തിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**